# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.380          03.02.2014-ൽ മറുപടിക്ക്**

**<u>സർക്കാർ ആശുപത്രി ജീവനക്കാരുടെ ഒഴിവുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.എ.കെ ബാലൻ**<br>**,, എ. പ്രദീപ്കുമാർ**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിലെ ആയിരത്തിലധികം സീനിയർ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ഒഴിവുകൾ ആശുപത്രികളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുന്നു എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ 574 (അഞ്ഞൂറ്റി എഴുപത്തി നാല്) ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ആയത് പി.എസ്.സി മുഖാന്തിരവും DPC യുടെ ശുപാർശ പ്രകാരവും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ Adhoc വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നേഴ്സുമാരുടെ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ ഗവൺമെന്റ് നേഴ്സിംഗ് സ്കൂളിൽ നിന്നും വിജയകരമായി പഠനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളെ താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ ആർ.എസ്.ബി.വൈ വഴിയും എൻ.ആർ.എച്ച്.എം മുഖേനെയും അഡ്ഹോക്ക് ആയും അധികം നഴ്സമാർ ആവശ്യമുള്ള സ്ഥാപനങ്ങളിൽ നിയമനം നടത്തിയിട്ടുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കിഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ 345 ഒഴിവുകൾ നിലവിലുണ്ട്. പുറമെ ചില ഉയർന്ന തസ്തികകളിൽ ഒഴികെയുള്ള ഒഴിവുകൾ എൻട്രി കേഡറിലാണ്. അവ ഇതിനകം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയർന്ന തസ്തികകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം ഒഴിവ് നികത്തുമ്പോൾ ഉണ്ടാകുന്ന എൻട്രി കേഡറിലെ |

ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. നഴ്സുമാരുടെ തസ്തികകളിൽ ഒഴിവുണ്ടെങ്കിലും അത് താൽക്കാലികമായി ബോണ്ടഡ് നഴ്സുമാർ വഴി നികത്തിയിട്ടുണ്ട്. അതിനാൽ സാങ്കേതികമായി നഴ്സുമാരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നില്ല. ഒഴിവുകൾ സ്ഥിരമായി നികത്തുന്നതിനായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളുടെയും കുറവ് എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ആയത് പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഒഴിവുകൾ നികത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; വിവിധ തസ്തികകളിലെ ഒഴിവുകൾ കൃത്യമായി കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

(ബി) & (സി) ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ 574 ഒഴിവുകളും, സ്റ്റാഫ് നേഴ്സുമാരുടെ 807 ഒഴിവുകളും, ഫാർമസിസ്റ്റുകളുടെ 30 ഒഴിവുകളും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിന്റെ 43 ഒഴിവുകളും നിലവിലുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡോക്ടർമാരുടെ 345 ഒഴിവുകളും നഴ്സുമാരുടെ 275 ഒഴിവുകളും ആണുള്ളത്. പാരാമെഡിക്കൽ സ്റ്റാഫിന്റെ ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഒഴിവുകൾ എല്ലാം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ